# സാമ്പ്രദായിക മതസംഘടനകളുടെ വിഭ്രാന്തികൾ

കവർസ്റ്റോറി

●

**എ.ആർ**

**കേരളത്തിലെ** മുസ്‌ലിം മതസംഘടനകൾക്ക് രാഷ്ട്രീയമില്ല. അഥവാ മതം രാഷ്ട്രീയത്തിലിടപെടരുതെന്നും മുസ്‌ലിമിന് ഏതു രാഷ്ട്രീയ പാർട്ടിയിലും ചേർന്നു പ്രവർത്തിക്കാമെന്നുമാണ് അവയുടെ നിലപാട്. ബി.ജെ.പി ഒഴിച്ചു ഒട്ടുമിക്ക രാഷ്ട്രീയ പാർട്ടികളിലും സുന്നികളും സലഫികളും അംഗങ്ങളോ പ്രവർത്തകരോ നേതാക്കളോ ആയി ഉണ്ട്താനും. അതിനാൽ ജമാഅത്തെ ഇസ്‌ലാമി പ്രഖ്യാപിച്ചുകഴിഞ്ഞ രാഷ്ട്രീയ പാർട്ടി നിലവിൽവരുമ്പോഴും മതസംഘടനകളുടെ അനുയായികൾക്ക് യഥാഹിതം അതിൽ ചേർന്നു പ്രവർത്തിക്കാൻ തടസ്സമുണ്ടാവേണ്ടതില്ല. നിർദിഷ്ട രാഷ്ട്രീയ പാർട്ടിയുടെ ആദർശം, ലക്ഷ്യം, ഘടന, നയപരിപാടികൾ എന്നീ കാര്യങ്ങൾ പരിശോധിച്ച ശേഷം ശരിയെന്നും നന്നെന്നും തോന്നിയാൽ അവർക്കതുമായി ബന്ധപ്പെടാം; ഇല്ലെങ്കിൽ എതിർക്കാം.

പക്ഷേ, യുക്തിസഹമായ ഈ സമീപനമല്ല ചില മതസംഘടനകളുടെ ഭാഗത്തുനിന്ന് പ്രകടമായിക്കൊണ്ടിരിക്കുന്നത്. പാർട്ടി പിറന്നുവീഴുന്നതിനു മുമ്പേ അവർ സർവശക്തിയും സംഭരിച്ച് വിരുദ്ധ പ്രചാരണത്തിനിറങ്ങിയിരിക്കുന്നു. മതസംഘടനകൾ രാഷ്ട്രീയത്തിലേക്ക് കടന്നുവരുന്നത് ആപത്താണ് എന്ന മുന്നറിയിപ്പോടെയാണ് കാമ്പയിൻ സംഘടിപ്പിക്കുന്നത്. ഇത് പറയുമ്പോൾ ജമാഅത്തെ ഇസ്‌ലാമിയെ ഒരു മതസംഘടനയായി തങ്ങൾ ഒരിക്കലും അംഗീകരിച്ചിരുന്നില്ലെന്നും, അതൊരു രാഷ്ട്രീയ പ്രസ്ഥാനമാണെന്നാണ് നാളിതുവരെ തങ്ങൾ പറഞ്ഞുകൊണ്ടിരുന്നത് എന്നുമുള്ള സത്യം അവർ സൗകര്യപൂർവം വിസ്മരിക്കുന്നു. രാഷ്ട്രീയ പാർട്ടിയായി ചിത്രീകരിക്കപ്പെട്ടുവന്ന

**മധ്യകാല യൂറോപ്പിലെ ക്രൈസ്തവ മതരാഷ്ട്രവാദ പശ്ചാത്തലത്തിലെ അബദ്ധജടിലവും കോളനിവാഴ്ചക്ക് മുമ്പ് മുസ്‌ലിം ലോകത്തിന് തീർത്തും അപരിചിതവുമായ സമവാക്യമാണ്, ഇസ്‌ലാമിക വിചാരവിപ്ലവം സാക്ഷാത്കരിക്കപ്പെട്ടുകഴിഞ്ഞ ഇരുപത്തൊന്നാം ശതകത്തിലും കേരളത്തിലെ മുസ്‌ലിം മതസംഘടനകളെ നയിക്കുന്നതെന്ന് കരുതേണ്ടിവരുന്നു. മറ്റെല്ലാ തലത്തിലും സുഊദി സലഫികളുമായുള്ള അഗാധബന്ധം തുടരുകയും തദ്ഫലമായ അനുകൂലാവസ്ഥ പരമാവധി ഉപയോഗിക്കുകയും ചെയ്യുന്നവർ രാഷ്ട്രീയത്തെക്കുറിച്ച സലഫി കാഴ്ചപ്പാടിനെ മൗലികമായി നിരാകരിക്കുന്ന വിരോധാഭാസവും കാണാനാവുന്നു.**

സംഘടന ഒരു രാഷ്ട്രീയ പാർട്ടി രൂപവത്കരിക്കുന്നുവെങ്കിൽ അതിൽ അസ്വാഭാവികമായി ഒന്നുമില്ലെന്നും പുതിയൊരാപത്തും സംഭവിക്കാനില്ലെന്നും ഈ മതസംഘടനകൾ ചുരുങ്ങിയപക്ഷം സമ്മതിക്കേണ്ടതായിരുന്നു.

ഇസ്‌ലാമിനെയും സമൂഹത്തിലെ നിരന്തര മാറ്റങ്ങളെയും കുറിച്ച വികലവും അപൂർണവുമായ സങ്കൽപമാണ് മതസംഘടനകളുടെ രൂക്ഷ വിമർശനങ്ങൾക്ക് പിന്നിൽ. ആറ് പതിറ്റാണ്ടുകൾക്ക് മുമ്പ് ജമാഅത്തെ ഇസ്‌ലാമി പ്രാമാണികമായും യുക്തിഭദ്രമായും തിരുത്താൻ ശ്രമിച്ച ധാരണകളെ തികഞ്ഞ ബൗദ്ധിക അടിയറവിനു ശേഷവും പുനരുജ്ജീവിപ്പിക്കാനുള്ള ശ്രമം ഈയാക്രമണത്തിന്റെ അന്തർധാരയാണ്. 'ദൈവത്തിനുള്ളത് ദൈവത്തിന്, സീസർക്കുള്ളത് സീസർക്ക്' എന്ന മധ്യകാല യൂറോപ്പിലെ ക്രൈസ്തവ മതരാഷ്ട്രവാദ പശ്ചാത്തലത്തിലെ അബദ്ധജടിലവും കോളനിവാഴ്ചക്ക് മുമ്പ് മുസ്‌ലിം ലോകത്തിന് തീർത്തും അപരിചിതവുമായ സമവാക്യമാണ്, ഇസ്‌ലാമിക വിചാരവിപ്ലവം സാക്ഷാത്കരിക്കപ്പെട്ടുകഴിഞ്ഞ ഇരുപ

ത്തൊന്നാം ശതകത്തിലും കേരളത്തിലെ മുസ്‌ലിം മതസംഘടനകളെ നയിക്കുന്നതെന്ന് കരുതേണ്ടിവരുന്നു. മറ്റെല്ലാ തലത്തിലും സുഊദി സലഫികളുമായുള്ള അഗാധബന്ധം തുടരുകയും തദ്ഫലമായ അനുകൂലാവസ്ഥ പരമാവധി ഉപയോഗിക്കുകയും ചെയ്യുന്നവർ രാഷ്ട്രീയത്തെക്കുറിച്ച സലഫികാഴ്ചപ്പാടിനെ മൗലികമായി നിരാകരിക്കുന്ന വിരോധാഭാസവും കാണാനാവുന്നു. സുഊദി അറേബ്യയുടെ ഭരണഘടന പ്രകാരം വിശുദ്ധ ഖുർആനും പ്രവാചകചര്യയുമാണ് രാജ്യത്തിന്റെ നിയമനിർമാണ സ്രോതസ്സ്. ഹൈഅതു കിബാറിൽ ഉലമാ (മുതിർന്ന പണ്ഡിതന്മാരുടെ സഭ) എന്ന ബോഡിയാണ് സ്റ്റേറ്റിന്റെ നിയമനിർമാണത്തിന് നിർണായക നിർദേശങ്ങൾ നൽകേണ്ടത്. ആധുനിക കാലഘട്ടത്തിൽ സുന്നികളുടെ സുഊദി അറേബ്യയിലും ശീഈകളുടെ ഇറാനിലും മാത്രമേ മതപണ്ഡിതവേദികൾക്ക് ഭരണഘടനാപരമായ പദവിയും അധികാരവും ഉള്ളൂ എന്നാണറിവ്. ഈ സംവിധാനത്തെക്കുറിച്ച് കേരളത്തിലെ സലഫി സംഘടനകളുടെയും പണ്ഡിതന്മാരുടെയും അഭിപ്രായമെന്താണ്, അത് ഇസ്‌ലാം നിരാകരിച്ചതായി അവർ പറയുന്ന മതരാഷ്ട്രവാദവും ജൂതായിസവും ശീഈസവുമാണോ, അതല്ല മതദൃഷ്ട്യാ അതിന് സാധൂകരണമുണ്ടോ? ഉണ്ടെങ്കിൽ ഇഖ്‌വാനുൽ മുസ്‌ലിമൂൻ ഉൾപ്പെടെയുള്ള ആധുനിക ഇസ്‌ലാമിക പ്രസ്ഥാനങ്ങളെ അവർ തള്ളിപ്പറയുന്നതിന്റെ ന്യായീകരണമെന്ത്? ഈ പ്രസ്ഥാനങ്ങൾ കുടുംബവാഴ്ച സിദ്ധാന്തത്തെ നിരാകരിക്കുകയും ജനാധിപത്യത്തെ ഉദ്ഘോഷിക്കുകയും ചെയ്യുന്നതാണോ അവയുടെ അപരാധം? അതല്ല സുഊദി അറേബ്യ പിന്തുടരുന്ന മതാധിഷ്ഠിത ഭരണസങ്കൽപം അനിസ്‌ലാമികവും നിരാകരിക്കപ്പെടേണ്ടതുമാണ് എന്നാണ് വാദമെങ്കിൽ ഇഖ്‌വാനെയോ ജമാഅത്തെ ഇസ്‌ലാമിയെയോ തള്ളിപ്പറയുന്ന അതേ നിലപാട് സുഊദി അറേബ്യയുടെയും ആ രാജ്യത്തെ പണ്ഡിതന്മാരുടെയും കാര്യത്തിൽ സലഫികൾ സ്വീകരിക്കാൻ മടിക്കുന്നതിന്റെ പിന്നിൽ താൽപര്യങ്ങൾ മാത്രമാണെന്ന് സമ്മതിക്കേണ്ടിവരും.

തങ്ങൾ മുസ്‌ലിം രാജ്യങ്ങളിലെ ഇസ്‌ലാമിക രാഷ്ട്രീയത്തെക്കുറിച്ചല്ല ഇന്ത്യയുടെ കാര്യമാണ് പറയുന്നതെന്നാണ് വാദമെങ്കിൽ, അറബ്-മുസ്‌ലിം രാജ്യങ്ങളിൽ ഇസ്‌ലാമിക വ്യവസ്ഥിതിക്കായി പ്രവർത്തിക്കുന്ന ഇഖ്‌വാനുൽ മുസ്‌ലിമൂനെയും പാകിസ്താൻ ജമാഅത്തെ ഇസ്‌ലാമിയെയും കുറ്റപ്പെടുത്തുന്നതിന്റെ ഔചിത്യം ചോദ്യം ചെയ്യപ്പെടും. ഇന്ത്യയിലേക്ക് വരുമ്പോഴും ഇവരുടെ വാദഗതികൾ ഇസ്‌ലാമികമായും വസ്തുതാപരമായും ദുർബലമായിത്തീരുന്നു. ഒരു പ്രത്യേക പ്രദേശത്തേക്കോ കാലത്തേക്കോ മാത്രമായി അല്ലാഹു അവതരിപ്പിച്ചതല്ല ദീനുൽ ഇസ്‌ലാം. അത് ഭൂമിയിലെ എല്ലാ മനുഷ്യർക്കും എല്ലാ കാലത്തേക്കും ബാധകമാണ്. ഇന്ന് മുസ്‌ലിംനാടുകളെന്നറിയപ്പെടുന്നവയും ഒരുകാലത്ത് അമുസ്‌ലിം പ്രദേശങ്ങളായിരുന്നു. നിരന്തരമായ പ്രബോധനത്തിലൂടെ ആ പ്രദേശങ്ങൾ ഇസ്‌ലാമിലേക്ക് വന്നു. 1947 വരെ ഇന്ത്യയുടെ ഭാഗമായിരുന്ന പാകിസ്താന്റെയും കഥ അതുതന്നെ. അതിനാൽ ഇന്ത്യയിലെ ജനങ്ങൾക്കും ജാതിയോ മതമോ എന്തായാലും ദൈവികസന്മാർഗം അതിന്റെ പൂർണ രൂപത്തിൽ പഠിക്കാനും സ്വീകരിക്കാനും അവസരമുണ്ടായേ പറ്റൂ. അവസരമുണ്ടാക്കേണ്ടത് ഇസ്‌ലാമിനെ സമ്പൂർണമായി ഉൾക്കൊള്ളുന്ന, ഉൾക്കൊള്ളേണ്ട മുസ്‌ലിംകളാണ്. ഭാഗികമായി അക്കാര്യം സലഫികളും സുന്നി സംഘടനകളും അംഗീകരിക്കുന്നതുകൊണ്ടാണ് അവരും തങ്ങളുടേതായ ശൈലിയിൽ പ്രബോധന പ്രവർത്തനങ്ങളിലേർപ്പെട്ടിരിക്കുന്നത്. നിച്ച് ഓഫ് ട്രൂത്ത് എന്ന സലഫി

**ജമാഅത്തെ ഇസ്‌ലാമി രാഷ്ട്രീയ പാർട്ടി രൂപീകരിക്കുന്നതിനെതിരെ, മതസംഘടനകൾ രാഷ്ട്രീയത്തിലേക്ക് കടന്നുവരുന്നത് ആപത്താണ് എന്ന മുന്നറിയിപ്പോടെയാണ് ചിലർ കാമ്പയിൻ സംഘടിപ്പിക്കുന്നത്. ജമാഅത്തെ ഇസ്‌ലാമിയെ ഒരു മതസംഘടനയായി തങ്ങൾ ഒരിക്കലും അംഗീകരിച്ചിരുന്നില്ലെന്നും, അതൊരു രാഷ്ട്രീയ പ്രസ്ഥാനമാണെന്നാണ് നാളിതുവരെ തങ്ങൾ പറഞ്ഞുകൊണ്ടിരുന്നത് എന്നുമുള്ള സത്യം അവർ സൗകര്യപൂർവം വിസ്മരിക്കുന്നു. രാഷ്ട്രീയ പാർട്ടിയായി ചിത്രീകരിക്കപ്പെട്ടുവന്ന സംഘടന ഒരു രാഷ്ട്രീയ പാർട്ടി രൂപവത്കരിക്കുന്നുവെങ്കിൽ അതിൽ അസ്വാഭാവികമായി ഒന്നുമില്ലെന്നും പുതിയൊരാപത്തും സംഭവിക്കാനില്ലെന്നും ഈ മതസംഘടനകൾ ചുരുങ്ങിയ പക്ഷം സമ്മതിക്കേണ്ടതായിരുന്നു.**

സ്ഥാപനം അതിനായി മാത്രം നിലകൊള്ളുന്നു. ജമാഅത്തെ ഇസ്‌ലാമിയുമായി ഈ വിഷയത്തിലുള്ള മതസംഘടനകളുടെ ഭിന്നത, ഇസ്‌ലാമിനെ കേവലം മതമായി അവതരിപ്പിക്കണമോ സമ്പൂർണ ജീവിത ദർശനമായി പരിചയപ്പെടുത്തണമോ എന്ന കാര്യത്തിലാണ്. അനിയന്ത്രിതമായ ജനാധിപത്യവും മതനിരാസപരമായ മതേതരത്വവും ഭ്രാന്തമായ ദേശീയതയും ഗുണത്തേക്കാളേറെ ദോഷകരമാണെന്ന് ആറു പതിറ്റാണ്ട് കാലത്തെ പരീക്ഷണം ഇന്ത്യൻ ജനതയെ ബോധ്യപ്പെടുത്തിയിരിക്കെ, മാനവികമായ ഒരു ധാർമിക ബദൽ രാജ്യത്തിന്റെ ഏറ്റവും അടിയന്തരവും മൗലികവുമായ ആവശ്യമായി ജമാഅത്ത് വിലയിരുത്തുന്നു. ആ ബദൽ ഏതെങ്കിലും മനുഷ്യനിർമിത ഭൗതിക പ്രത്യയശാസ്ത്രത്തിലൂടെ സാധിക്കും എന്ന് ഇന്നേവരെയുള്ള ലോകാനുഭവങ്ങൾ തെളിയിച്ചിട്ടില്ല. കേവല മതേതരത്വം അമേരിക്കയെയും യൂറോപ്പിനെയും മൂല്യമുക്തമാക്കി; സോഷ്യലിസം സോവിയറ്റ് യൂനിയനിലും പൂർവ യൂറോപ്പിലും ചൈനയിലും പരാജയപ്പെട്ടു. ഭ്രാന്തമായ ദേശീയത ലോകത്തിന് മഹായുദ്ധങ്ങൾ സമ്മാനിച്ചു. ഇന്ത്യയിൽ അത് ഫാഷിസത്തെ കടുത്ത ഭീഷണിയാക്കി വളർത്തിയെടുത്തു. ജനാധിപത്യം പണാധിപത്യത്തിനും മോബോക്രസിക്കും വഴിമാറുന്നു. ഇതൊക്കെ സൂക്ഷ്മമായി പഠിച്ച ശേഷം തന്നെയാണ് അചഞ്ചലവും യുക്തിഭദ്രവുമായ ദൈവിക സന്മാർഗത്തിന്റെ അടിത്തറയിൽ മൂല്യാധിഷ്ഠിതമായ ഒരു നൂതന അവർഗീയ ജനാധിപത്യ നൈതിക രാഷ്ട്രീയ സംവിധാനത്തെക്കുറിച്ച് ജമാഅത്തെ ഇസ്‌ലാമി സംസാരിക്കുന്നത്. പാർലമെന്ററി ജനാധിപത്യത്തെ പരിവർത്തന മാർഗമായി അംഗീകരിച്ച ജമാഅത്ത്, തെരഞ്ഞെടുപ്പുകളിലെ പങ്കാളിത്തം സംഘടനക്ക് വിലക്കപ്പെട്ട കനിയല്ലെന്ന് നാല് പതിറ്റാണ്ടുകൾക്ക് മുമ്പേ നയപരിപാടികളിൽ വ്യക്തമാക്കിയതാണ്. ജമാഅത്തെ ഇസ്‌ലാമി ഏത് തരത്തിൽപെട്ട ജനാധിപത്യത്തെയും മതേതരത്വത്തെയും ദേശീയതയെയും സോഷ്യലിസത്തെയുമാണ് തള്ളിപ്പറയുന്നതെന്നും ഏതർഥത്തിലുള്ളതിനെയാണ് അംഗീകരിക്കുന്നതെന്നും തുടക്കം മുതൽക്കേ സ്പഷ്ടമാക്കാതിരുന്നിട്ടില്ല. വിമർശിക്കാനും എതിർക്കാനും മതസംഘടനകളും മതേതരവാദികളും ഉപയോഗിക്കുന്ന ഗ്രന്ഥങ്ങളിൽതന്നെ അത് പ്രതിപാദിച്ചിട്ടുമുണ്ട്. ബുദ്ധിപരമായ സത്യസന്ധതയുടെ അഭാവത്തിൽ എതിരാളികൾ കാണിക്കുന്ന കൃത്രിമങ്ങൾക്ക് മറുപടി നൽകാൻ ജമാ

അത്ത് ബാധ്യസ്ഥമല്ല.

അതേയവസരത്തിൽ 88 ശതമാനവും അമുസ്‌ലിംകൾ നിവസിക്കുന്ന ഒരു രാജ്യത്ത് ഇസ്‌ലാമിക രാഷ്ട്രീയ സാമ്പത്തിക വ്യവസ്ഥയുടെ സംസ്ഥാപനം ക്ഷിപ്രസാധ്യമോ സമീപകാല സാധ്യതയോ ആണെന്ന ഒരബദ്ധ ധാരണയും ജമാഅത്തിനില്ല. മനുഷ്യനന്മയിൽ വിശ്വാസമർപ്പിച്ചു ലക്ഷ്യപ്രാപ്തിക്കായി മുൻഗണനാക്രമത്തിൽ പണിയെടുക്കുമ്പോൾതന്നെ അതിനനുകൂലമായ അന്തരീക്ഷം രാജ്യത്ത് നിലനിൽക്കാൻ മതനിരപേക്ഷ ജനാധിപത്യ ഭരണഘടനയും സംവിധാനവും അനുപേക്ഷ്യവുമാണെന്ന് പ്രസ്ഥാനം നല്ലപോലെ മനസ്സിലാക്കുന്നു. അറുപതുകളിൽ പാസ്സാക്കിയ മജ്‌ലിസ് ശൂറാ പ്രമേയങ്ങളും തുടർന്നു പിന്തുടരുന്ന നയപരിപാടികളും അതിന് സാക്ഷ്യം നൽകുന്നു. രാജ്യം ഏകാധിപത്യത്തിന്റെ രുചിയറിഞ്ഞ ആദ്യ സന്ദർഭമായിരുന്നു 1975ലെ അടിയന്തരാവസ്ഥ. 1977-ലെ പൊതുതെരഞ്ഞെടുപ്പിൽ കിട്ടിയ ഒന്നാമത്തെ അവസരം തന്നെ അടിയന്തരാവസ്ഥ റദ്ദാക്കി ജനാധിപത്യം പുനഃസ്ഥാപിക്കാനുള്ള യത്നത്തിൽ ജമാഅത്തെ ഇസ്‌ലാമി പങ്കാളിയായി. എൺപതുകളിൽ ബി.ജെ.പിയുടെ രൂപവത്കരണത്തെയും മതേതര പാർട്ടികളുടെ ശൈഥില്യത്തെയും തുടർന്നുയർന്നുവന്ന ഫാഷിസ്റ്റ് ഭീഷണിയുടെ പശ്ചാത്തലത്തിൽ വ്യവസ്ഥാപിതമായിത്തന്നെ മതനിരപേക്ഷ ജനാധിപത്യത്തിനും മനുഷ്യാവകാശങ്ങൾക്കും ന്യൂനപക്ഷാവകാശങ്ങൾക്കും മൂല്യാധിഷ്ഠിത രാഷ്ട്രീയത്തിനും വേണ്ടി തെരഞ്ഞെടുപ്പുകളിൽ സമ്മതിദാനാവകാശം വിനിയോഗിക്കാൻ ജമാഅത്ത് തീരുമാനിച്ചു; ആ നിലപാട് ഇന്നേവരെ തുടരുന്നു. ഒപ്പം ഇരുപതാം നൂറ്റാണ്ടിന്റെ അവസാനത്തോടെ ലോകത്തിനും രാജ്യത്തിനും ഏറ്റവും വലിയ വിപത്തായി രംഗപ്രവേശം ചെയ്ത നവകൊളോണിയലിസത്തിനും സാമ്പത്തിക, സാംസ്കാരികാധിനിവേശത്തിനുമെതിരെ ശക്തമായ ഇടപെടലുകൾ നടത്തുന്നു. സാമ്രാജ്യത്വ ദാസ്യം പേറുന്ന വലതുപക്ഷ പിന്തിരിപ്പൻ ശക്തികൾക്കെതിരെ സാധ്യമായേടത്ത് ഇടതുപക്ഷത്തെ പിന്താങ്ങുന്നു. അതേസമയം ഇടതുപക്ഷത്തിന്റെ പാളിച്ചകളെ തുറന്ന് കാട്ടുകയും ചെയ്യുന്നു. ഇതൊന്നും അരാഷ്ട്രീയവത്കരിക്കപ്പെട്ട നമ്മുടെ സാമ്പ്രദായിക മതസംഘടനകൾക്ക് ദഹിക്കുന്നതോ അവയുടെ അജണ്ടയിലുള്ളതോ ആയ കാര്യങ്ങളല്ല. കാട്ടുകോഴിക്കെന്ത് സംക്രാന്തി?

കൂനിന്മേൽകുരു എന്നപോലെ ഈ നൂറ്റാണ്ടിന്റെ ആദ്യ ദശകത്തിൽ സാർവദേശീയമായും ദേശീയമായും മുസ്‌ലിം സമൂഹം നേരിടുന്ന കടുത്ത വെല്ലുവിളിയാണ് അമേരിക്കയുടെ നേതൃത്വത്തിൽ തീവ്രവാദത്തിനും ഭീകരതക്കും എതിരെ എന്ന പേരിൽ തുടരുന്ന കുരിശുയുദ്ധം. മുസ്‌ലിംകളും ഇസ്‌ലാമുമാണവരുടെ ഇരകൾ. 'ഇസ്‌ലാമിക ഭീകരത' എന്നൊരു പ്രയോഗം തന്നെ ലോകമാധ്യമങ്ങളിൽ സാർവത്രികമായിരിക്കുന്നു. അതിനുത്തരവാദികളായി മീഡിയ ചിത്രീകരിക്കുന്നവരിൽ ജമാഅത്തെ ഇസ്‌ലാമി ഇല്ല. വഹാബികൾ എന്ന സലഫികൾ ഒന്നാം സ്ഥാനത്ത് ഉണ്ട്താനും. ഇന്ത്യയിലും പാകിസ്താനിലും കഠിനമായി കുറ്റാരോപണത്തിന് വിധേയരായ ലഷ്കറെ ത്വയ്യിബയും അതിന്റെ ഉൽപന്നമായ മർകസുദ്ദഅ്‌വയും ശുദ്ധ സലഫികളുടേതാണ് (ഈ പാപഭാരവും സയ്യിദ് മൗദൂദി പേറണമെന്ന് വാദിക്കുമോ?). ഇന്ത്യയിലാകട്ടെ തീർത്തും ഏകപക്ഷീയമാണ് ഭീകരവേട്ട. 'സിമി' നിരോധിക്കപ്പെട്ടു, ബജ്റംഗ്ദൾ ന്യൂനപക്ഷക്കുരുതിയുമായി സ്വൈരവിഹാരം ചെയ്യുന്നു. ശരാശരി പോലീസുകാരൻ വെറും സംശയത്തിന്റെ പേരിൽ വിദ്യാസമ്പന്നരായ മുസ്‌ലിം യുവാക്കളെ പിടികൂടി സംഘടിപ്പിക്കുന്ന 'ഏറ്റുമുട്ടൽ മരണങ്ങൾ' നിത്യ സംഭവങ്ങളാകുന്നു. എന്നാൽ മാലേഗാവ് സ്ഫോടനാന്വേഷണം അനാവരണം ചെയ്ത പോലെ സൈനിക ഉദ്യോഗസ്ഥരുടെ കൂടി ഒത്താശകളോടെ ഹിന്ദുത്വഭീകരർ ആസൂത്രണം ചെയ്ത ആക്രമണങ്ങളെക്കുറിച്ച് സർക്കാറും മുഖ്യധാരാ മീഡിയയും മൗനത്തിലാണ്. സച്ചാർ കമ്മിറ്റി ചൂണ്ടിക്കാട്ടിയ അരക്ഷിതാബോധം മുസ്‌ലിം ന്യൂനപക്ഷത്തെ തീർത്തും അന്യവത്കരിക്കുന്ന സാഹചര്യമാണ് നിലവിലുള്ളത്. ഈ വിപത്സന്ധിയിലാണ് ജാതി മത വിഭാഗീയ പരിഗണനകൾക്കതീതമായി ഒരു മാനവിക ദേശീയ ധാർമിക രാഷ്ട്രീയ പ്രസ്ഥാനത്തിന്റെ പിറവിയെക്കുറിച്ച് ഇന്ത്യയിലെ ഇസ്‌ലാമിക പ്രസ്ഥാനം ഗൗരവമായി ആലോചിക്കുന്നത്. സത്യത്തിലേക്ക് ജനങ്ങളെ ക്ഷണിക്കുകയും നന്മ കൽപിക്കുകയും തിന്മ നിരോധിക്കുകയും നീതിക്കായി നിലകൊള്ളുകയും ചെയ്യുന്ന ഉത്തമ സമൂഹമാണ് മുസ്‌ലിംകൾ എന്ന ദൈവിക വചനത്തിൽ വിശ്വസിക്കുന്നുവെങ്കിൽ മതസംഘടനകൾ വേണ്ടിയിരുന്നത് പൊതുനന്മയിലെങ്കിലും ഇസ്‌ലാമിക പ്രസ്ഥാനത്തോട് സഹകരിക്കുകയാണ്; പുതിയ രാഷ്ട്രീയ പ്രസ്ഥാനത്തെക്കുറിച്ച് തീർപ്പ് കൽപിക്കാൻ അതിന്റെ രൂപവത്കരണം വരെയെങ്കിലും കാത്തിരിക്കുകയാണ്. പരിഭ്രാന്തരായി നാടുനീളെ നടന്നു മോങ്ങാനാണവരുടെ വിധി. ആർക്ക് വേണ്ടിയാണവർ മോങ്ങുന്നതെന്ന് അധികം താമസിയാതെ പുറത്തുവരും. കേരള സലഫിസത്തിന് രാഷ്ട്രീയമില്ലെങ്കിലും ഒരു നിഷേധാത്മക രാഷ്ട്രീയം ചരിത്രത്തിലുടനീളം അവർ പിന്തുടർന്നിട്ടുണ്ട്. 1959-ലെ വിമോചന സമരകാലത്താണത് ആദ്യമായി പ്രകടമായത്. അന്ന് ഇ.എം.എസ് നമ്പൂതിരിപ്പാടിന്റെ ജനാധിപത്യ സർക്കാറിനെ പിരിച്ചുവിടാൻ ക്രിസ്ത്യൻ പള്ളിയും മന്നത്ത് പത്മനാഭന്റെ എൻ.എസ്.എസ്സും കോൺഗ്രസ്സും മുസ്‌ലിം ലീഗും ചേർന്ന് അമേരിക്കൻ ചാരസംഘടനയായ സി.ഐ.എയുടെ സഹായത്തോടെ നടത്തിയ വിമോചന സമര

**കേരള സലഫിസത്തിന് രാഷ്ട്രീയമില്ലെങ്കിലും ഒരു നിഷേധാത്മക രാഷ്ട്രീയം ചരിത്രത്തിലുടനീളം അവർ പിന്തുടർന്നിട്ടുണ്ട്. 1959-ലെ വിമോചന സമരത്തിലും തുടർന്ന് നടന്ന ഇടക്കാല നിയമസഭാ തെരഞ്ഞെടുപ്പിലും ജമാഅത്തെ ഇസ്‌ലാമി പങ്കെടുത്തില്ല. അത് കമ്യൂണിസത്തെ സഹായിക്കലാണെന്ന മതവിധിയുമായി മുതിർന്ന സലഫി പണ്ഡിതന്മാർ രംഗത്തിറങ്ങി. 1967-ൽ മുസ്‌ലിം ലീഗ് ഇ.എം.എസ്സിന്റെ തന്നെ സപ്തകക്ഷി മുന്നണിയിൽ ഘടകമായപ്പോൾ ഇതേ പണ്ഡിതന്മാർ മാളത്തിലൊളിച്ചു. 1975-ൽ ഇന്ദിരാഗാന്ധി അടിയന്തരാവസ്ഥ നടപ്പാക്കി ജമാഅത്തെ ഇസ്‌ലാമിയെ നിരോധിച്ചപ്പോൾ മുതിർന്ന ഒരു സലഫി പണ്ഡിതൻ വിശുദ്ധ കഅ്ബാലയത്തിൽ പോയി ഇന്ദിരക്ക് ആയുസ്സ് ദീർഘിപ്പിക്കാൻ പ്രാർഥിച്ചു എന്ന് അദ്ദേഹം തന്നെ സ്വന്തം മാസികയിലെഴുതി. 1986-ൽ ജമാഅത്തെ ഇസ്‌ലാമി തെരഞ്ഞെടുപ്പുകളിൽ വോട്ടവകാശം വിനിയോഗിക്കാൻ തീരുമാനിച്ചപ്പോഴും പിൽക്കാലത്ത് ഇടതുമുന്നണി സ്ഥാനാർഥികളെ പിന്താങ്ങുമെന്ന് പ്രഖ്യാപിച്ചപ്പോഴും സലഫി പണ്ഡിതന്മാരുടെ ഇടയലേഖനം വന്നു. ഈ മാനസിക വിഭ്രാന്തിയുടെ തുടർച്ച തന്നെയാണ് ജമാഅത്ത് രാഷ്ട്രീയ പാർട്ടി രൂപവത്കരിച്ചാൽ ആപത്താവുമെന്ന പ്രചാരണ കോലാഹലവും.**

ത്തിലും തുടർന്ന് നടന്ന ഇടക്കാല നിയമസഭാ തെരഞ്ഞെടുപ്പിലും ജമാഅത്തെ ഇസ്‌ലാമി പങ്കെടുത്തില്ല. അത് കമ്യൂണിസത്തെ സഹായിക്കലാണെന്ന മതവിധിയുമായി മുതിർന്ന സലഫി പണ്ഡിതന്മാർ രംഗത്തിറങ്ങി. 1967–ൽ പക്ഷേ മുസ്‌ലിം ലീഗ് ഇ.എം.എസ്സിന്റെ തന്നെ സപ്തകക്ഷി മുന്നണിയിൽ ഘടകമായപ്പോൾ ഇതേ പണ്ഡിതന്മാർ മാളത്തിലൊളിച്ചു. മുസ്‌ലിം ലീഗടങ്ങുന്ന ഇ.എം.എസ് മന്ത്രിസഭ മദ്യനിരോധം റദ്ദാക്കുകയും ലോട്ടറി ദേശസാത്കരിക്കുകയും ചെയ്തപ്പോൾ പോലും സലഫികൾ മൗനം ഭജിക്കുകയായിരുന്നു. 1975–ൽ ഇന്ദിരാഗാന്ധി അടിയന്തരാവസ്ഥ നടപ്പാക്കി ജമാഅത്തെ ഇസ്‌ലാമിയെ നിരോധിച്ചപ്പോൾ മുതിർന്ന ഒരു സലഫി പണ്ഡിതൻ വിശുദ്ധ കഅ്ബാലയത്തിൽ പോയി ഇന്ദിരക്ക് ആയുസ്സ് ദീർഘിപ്പിക്കാൻ പ്രാർഥിക്കുകയായിരുന്നു എന്ന് അദ്ദേഹം തന്നെ സ്വന്തം മാസികയിലെഴുതി. 1986–ൽ ജമാഅത്തെ ഇസ്‌ലാമി തെരഞ്ഞെടുപ്പുകളിൽ വോട്ടവകാശം വിനിയോഗിക്കാൻ തീരുമാനിച്ചപ്പോഴും സലഫികൾ ഇളകിവശായി. പിൽക്കാലത്ത് ഇടതുമുന്നണി സ്ഥാനാർഥികളെ പിന്താങ്ങുമെന്ന് പ്രഖ്യാപിച്ചപ്പോഴും സലഫി പണ്ഡിതന്മാരുടെ ഇടയലേഖനം വന്നു. ഈ മാനസിക വിഭ്രാന്തിയുടെ തുടർച്ച തന്നെയാണ് ജമാഅത്ത് രാഷ്ട്രീയ പാർട്ടി രൂപവത്കരിച്ചാൽ ആപത്താവുമെന്ന പ്രചാരണ കോലാഹലവും. അത് അനിസ്‌ലാമികമാണെന്ന മതവിധിയും കെ.എൻ.എം പ്രസിഡന്റ് അബ്ദുല്ലക്കോയ മദനി കോഴിക്കോട് മുതലക്കുളത്ത് ഇറക്കിയിട്ടുണ്ട് (*മാതൃഭൂമി* 2009 ജനുവരി 12). താനടക്കമുള്ളവർ വോട്ട് ചെയ്ത് അധികാരത്തിലേറ്റിയവർ രാഷ്ട്രീയ സദാചാരത്തകർച്ചയുടെയും അഴിമതിയുടെയും അന്ധവിശ്വാസങ്ങളുടെയും ചെളിക്കുണ്ടിൽ മുങ്ങിപ്പൊങ്ങുമ്പോഴൊന്നും അതിൽ അനിസ്‌ലാമികത്വം കാണാൻ ബഹുമാന്യനായ മദനിക്ക് സാധിച്ചിട്ടില്ല. ശിർക്ക്–ബിദ്അത്തുകളുടെ ഗോപുരങ്ങൾ അവർ ഉദ്ഘാടനം ചെയ്യുമ്പോഴും ഒട്ടകപക്ഷിയെ പോലെ മണലിൽ തലപൂഴ്ത്തി. ആപത്കരവും അനിസ്‌ലാമികവുമാവാൻ പോകുന്നത് ഒരു പുത്തൻ രാഷ്ട്രീയ ധാർമിക നൈതിക പ്രസ്ഥാനത്തിന്റെ ഉദയമാണ്! എന്തൊരധഃപതനം എന്റെ നാട്ടുകാരേ! ■

**പിൻകുറി:** *ഒരു കാര്യത്തിൽ ജമാഅത്തെ ഇസ്‌ലാമിക്ക് നിശ്ചയമായും അഭിമാനിക്കാം. രാഷ്ട്രീയത്തിന് അയിത്തം കൽപിച്ച സാമ്പ്രദായിക മതസംഘടനകൾ ജമാഅത്തിനെ ആക്രമിക്കാനാണെങ്കിലും ഇപ്പോൾ പ്രസംഗപീഠങ്ങളിലും പത്രകോളങ്ങളിലും മാത്രമല്ല പള്ളിമിമ്പറുകളിലടക്കം രാഷ്ട്രീയം മാത്രമാണ് പറഞ്ഞുകൊണ്ടിരിക്കുന്നത്. അത്രത്തോളം മതത്തെ രാഷ്ട്രീയവത്കരിക്കാൻ ജമാഅത്തിനു പോലും സാധിച്ചിട്ടില്ല!*